# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/243/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/243/22 തീയ്യതി: 28/04/2022

## കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 03-02-2022 | 11-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-02-2022 | 11-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ. ഷിജു. എ), അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഉഷ. എ), അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രത്യൂഷ്. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. | സെക്രട്ടറി | 01-04-2019 | 30-06-2019 |

| | | | |
|---|---|---|---|
| ഹരിദാസൻ | | | |
| ശ്രീ. എം. കെ. സജിത്ത് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 22-07-2019 |
| ശ്രീ. രമേഷ് ബാബു | സെക്രട്ടറി | 23-07-2019 | 31-07-2019 |
| ശ്രീ. എം. കെ. സജിത്ത് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2019 | 07-08-2019 |
| ശ്രീ. സുരേഷ്. എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2019 | 13-08-2019 |
| ശ്രീ. പ്രസാദ്. വി. വി. | സെക്രട്ടറി | 14-08-2019 | 31-03-2020 |
| ശ്രീ.കരുവാങ്കണ്ടി ബാലൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. കെ. സജിത്ത് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 07-08-2019 |
| ശ്രീ. സുരേഷ്. എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 08-08-2019 | 31-03-2020 |
| ശ്രീ. വിൻസൺ. സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീമതി. ജീജ. സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 05-08-2019 |
| ശ്രീ. ദിലീഷ്. കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-08-2019 | 04-09-2019 |
| ശ്രീമതി. ജീജ. സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 05-09-2019 | 31-03-2020 |
| ശ്രീമതി. സുജ കാരാട്ട് | കൃഷി ഓഫീസർ | 01-04-2019 | 24-11-2019 |
| ശ്രീ. വിനീത് | കൃഷി ഓഫീസർ | 25-11-2019 | 31-03-2020 |
| ശ്രീമതി. രമ്യ. വി. കെ. | വി.ഇ.ഒ. പുത്തൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിനയ ഭാസ്കരൻ | വി.ഇ.ഒ. കൊളവല്ലൂർ | 01-04-2019 | 19-10-2019 |
| ശ്രീമതി. രമ്യ. വി. കെ. | വി.ഇ.ഒ. കൊളവല്ലൂർ | 20-10-2019 | 27-10-2019 |
| ശ്രീമതി. മെറിൻ | വി.ഇ.ഒ. | 28-10-2019 | 31-03-2020 |

| | | | |
|---|---|---|---|
| ജോസ്ന ഗോൺസാൽവസ് | കൊളവല്ലൂർ | | |
| ഡോ. സൽമത്ത്. | മെഡിക്കൽ ഓഫീസർ PHC | 01-04-2019 | 31-03-2020 |
| ഡോ. അമ്പിളി. സി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. നീനു. സി.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. അഞ്ജു. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്മിത. വി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ഇ. കെ. നാസിറ. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shiju A (Asst. Audit Officer, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: PRATHYOOSH S (Auditor, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-10 |
| 13 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതാണ്<br>Written By: PRATHYOOSH S (Auditor, On 11-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-11 |
| 14 | അഗതിരഹിത കേരളം- 400000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല - ചെലവ് തുക 400000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-12 |
| 15 | എസ്.എസ്.എ. വിഹിതം നൽകൽ- ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-13 |
| 16 | തുല്യത പഠനം - തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| | Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | |
| 17 | സ്വയം സുരക്ഷ പരിശീലനം പെൺകുട്ടികൾക്ക് -രേഖകളുടെ അഭാവത്തിൽ ₹32000 തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-15 |
| 18 | നേന്ത്ര വാഴക്കന്ന് വിതരണം- 992 എണ്ണം വാഴക്കന്നുകളുടെ വിവരം ലഭ്യമല്ല ₹12400 തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-16 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ-₹107770 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 1-17 |
| 20 | അമൃതം പരിപാടി - രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങി നൽകിയത് - വിതരണ രേഖകളുടെ അഭാവത്തിൽ. ₹ 180360 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-18 |
| 21 | ന്യൂട്രിമിക്സിന്റെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: PRATHYOOSH S (Auditor, On 11-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-19 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-നീക്കിയിരിപ്പ് തുക സർക്കാറിലേക്ക് തിരികെ അടവാക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-20 |
| 23 | അക്ഷര റോഡ് റീടാറിംഗ് -പിഴ ഈടാക്കിയിട്ടില്ല<br>Written By: Shiju A (Asst. Audit Officer, On 11-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 12-04-2022) | 1-21 |
| 24 | ചെണ്ടയാട് യു പി സ്കൂൾ മുത്തിക്കുളം റോഡ് റീടാറിംഗ്, ഡ്രെയിനേജ് നിർമ്മാണം<br>Written By: Shiju A (Asst. Audit Officer, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-22 |
| 25 | പൊതുമരാമത്ത് പ്രവൃത്തികൾ അവലോകനം<br>Written By: Shiju A (Asst. Audit Officer, On 11-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-23 |
| 26 | തെരുവു നായ നിയന്ത്രണം - തുകയുടെ കൈപ്പറ്റ് രശീതും തുക വിനിയോഗിച്ചതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമല്ല<br>Written By: Jyothish Kumar (Audit Officer (HG), On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-24 |
| 27 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ - അക്കൗണ്ട് നമ്പർ തെറ്റിയതുമൂലം തുക കൈമാറിയില്ല - 85196/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 14-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-25 |
| 28 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ – പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാല്ല<br>Written By: Jyothish Kumar (Audit Officer (HG), On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 1-26 |

**ഭാഗം 2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 13-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 15-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-04-2022) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | RECEIPT & PAYMENT STATEMENT |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ ബജറ്റ് 21-2-2019 ലെ 1/21/19 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 41276943 |
| വരവ് | 139956350 |
| ആകെ | 181233293 |
| ചെലവ് | 166476160 |
| നീക്കിയിരിപ്പ് | 14757133 |

## 1-1-1 പുതുക്കിയ ബജറ്റ്

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ പുതുക്കിയ ബജറ്റ് 27-3-2020 ലെ 1/72/20-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 49883856 |
| വരവ് | 191902550 |
| ആകെ | 241786406 |
| ചെലവ് | 205917644 |
| നീക്കിയിരിപ്പ് | 35868762 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 28-5-2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
2.വാർഷിക ധനകാര്യ പത്രികയോടൊപ്പം 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)-ൽ സാമ്പത്തിക അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
3.വാർഷിക ധനകാര്യ പത്രികയോടൊപ്പം സാമ്പത്തിക പത്രികയിൽ മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
4.ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണരൂപത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 48241226 |
| വരവ് | 60115722 |
| ആകെ | 108356948 |
| ചെലവ് | 57493243 |
| നീക്കിയിരിപ്പ് | 50863705 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 867726 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 15229141 | 15229141 | 10362304 | 4866837 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 1415967 | 1415967 | 697811 | 718156 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 245294 | 245294 | 163994 | 81300 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12481077 | 12481077 | 4989113 | 7491964 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 13408000 | 13408000 | 5762671 | 7645329 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 5451000 | 5451000 | 2397364 | 3053636 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3442 | 25992125 | 25995567 | 25991426 | 4141 |
| സാക്ഷരത | 7736 | 262 | 7998 | 0 | 7998 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 584392 | 0 | 584392 | 92800 | 491592 |
| ഐ.സി.ഡി.എസ് | 902569 | 1073795 | 1976364 | 1721547 | 254817 |
| വിമുക്തി | 20055 | 0 | 20055 | 4355 | 15700 |
| എം.പി. എൽ.എ.ഡി | 58356 | 1979 | 60335 | 0 | 60335 |
| ജലനിധി | 3307389 | 117905 | 3425294 | 0 | 3425294 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 232 | 91270323 | 142 | 44652039 | 27 | 90 | 50 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 30 | 23 | 10478638 | 8376414 | 79.94 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 10 | 1541773 | 291195 | 18.89 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 55 | 45565621 | 15285159 | 33.55 |
| 4 | കൃഷി ഓഫീസർ | 10 | 8 | 4742108 | 2422572 | 51.09 |
| 5 | വി.ഇ.ഒ. പുത്തൂർ | 11 | 10 | 11859460 | 5071806 | 42.77 |
| 6 | വി.ഇ.ഒ. കൊളവല്ലൂർ | 9 | 8 | 2129925 | 1111275 | 52.17 |
| 7 | മെഡിക്കൽ ഓഫീസർ PHC | 8 | 7 | 1828000 | 1277698 | 69.9 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 2 | 474851 | 460000 | 96.87 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 2 | 157000 | 127000 | 80.89 |
| 10 | വെറ്റിനറി സർജൻ | 6 | 6 | 4238500 | 3333370 | 78.65 |
| 11 | ICDS സൂപ്പർവൈസർ | 5 | 3 | 5697280 | 5029273 | 88.27 |
| 12 | ഹെഡ് മാസ്റ്റർ | 10 | 8 | 2557167 | 1866277 | 72.98 |
| | ആകെ | 232 | 142 | 91270323 | 44652039 | 48.92 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3442 | 734302 | 737744 | 733603 | 4141 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25257823 | 25257823 | 25257823 | 0 |
| ആകെ | 3442 | 25992125 | 25995567 | 25991426 | 4141 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 9 | 8640 |
| കർഷകതൊഴിലാളി പെൻഷൻ | 470 | 4133400 |
| വിധവാ പെൻഷൻ | 1730 | 13521000 |
| വാർദ്ധക്യകാല പെൻഷൻ | 2323 | 17929800 |
| വികലാംഗ പെൻഷൻ | 467 | 3650100 |
| അവിവാഹിത പെൻഷൻ | 226 | 1746000 |
| വിവാഹ ധനസഹായം | 12 | 360000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-2-2022 ന് 3.30 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹26634 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര

വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിലും 7/2019, 12/2019, 2/2020 എന്നീ മാസങ്ങളിൽ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. 7/2019 ലെ പ്രധാന അജണ്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2018-19 വർഷത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി 2018-19 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ എന്നീ വിഷയങ്ങളാണ്. 12/2019 ലെ പ്രധാന അജണ്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ എന്നീ വിഷയങ്ങളാണ്. 2/2020ലെ പ്രധാന അജണ്ട 2020-21 കരട് പദ്ധതി ചർച്ച ചെയ്യൽ, ദുരന്ത നിവാരണ മാർഗ്ഗരേഖ തയ്യാറാക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, വാർഷിക ഭരണ റിപ്പോർട്ട് അംഗീകരിക്കൽ, നവ കേരള മിഷൻ പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കൽ എന്നിവയായിരുന്നു. ഗ്രാമസഭാ മിനുട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതാണ്

31-10-2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ അപേക്ഷകളിൽ ഒന്നിലും തന്നെ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തിയിരുന്നില്ല. എന്ത് മാനദണ്ഡമാക്കിയാണ് ലൈസൻസ് ഫീ നിശ്ചയിച്ചതെന്ന ഓഡിറ്റ് അന്വേഷണം (നമ്പർ 8/7-2-2022) മുഖേന ആരാഞ്ഞപ്പോൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ലൈസൻസ് ഫീ നിശ്ചയിച്ചതെന്ന മറുപടിയാണ് നൽകിയത്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ഇത് കൃത്യമായി രേഖപ്പെടുത്താതിനാൽ പട്ടിക II പ്രകാരം ശരിയായ ഫീയാണോ നിശ്ചയിച്ചതെന്ന പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ലൈസൻസ് പെർമിഷൻ രജിസ്റ്റർ പരിശോധനയിൽ കൂടുതൽ കടമുറികൾ ഉള്ള വില കൂടിയ ഉൽപന്നങ്ങൾ വിൽക്കുന്ന വലിയ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ചെറുകിട, ഇടത്തരം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഒരേ ഫീ തന്നെയാണ് ഈടാക്കുന്നതെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവയുടെ മൂലധന നിക്ഷേപം സംബന്ധിച്ച് രേഖകൾ ലഭ്യമല്ലാത്തതിനാൽ ഫീ നിശ്ചയിച്ചതിൽ അപാകങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക അപ്രായോഗികമാണ്. ആയതിനാൽ അന്വേഷണ ഉദ്യോഗസ്ഥൻ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 അഗതിരഹിത കേരളം- 400000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല – ചെലവ് തുക 400000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
| പ്രോജക്ട് നമ്പർ /പേര് | 170/20 അഗതിരഹിത കേരളം |
| അടങ്കൽ | ₹400000 വികസന ഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹400000 ബിൽ നമ്പർ/തീയതി : 4/19-20/30-4-2019 |

അഗതി രഹിത കേരളം പദ്ധതി പ്രകാരം ആശ്രയ കുടുംബത്തിൽ പെട്ട താഴെ പറയുന്ന 3 ഗുണഭോക്താക്കൾക്ക് വീടിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ₹150000 വീതം നൽകുന്നതിനാണ് തുക വകയിരുത്തിയത്. 2018-19 ലെ പ്രോജക്ട് നമ്പർ-230/19 പ്രകാരം ₹4,50,000 യാണ് അടങ്കൽ തുക ( ₹50000 തനത് ഫണ്ടും ₹400000 വികസന ഫണ്ടുമാണ്). ഇതിൽ ₹50000 2018-19 ൽ അനുവദിച്ചതാണ്.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | വാല്വേഷൻ പ്രകാരമുള്ള തുക | ബാങ്കിന്റെ പേര്/ അക്കൗണ്ട് നമ്പർ |
|---|---|---|---|
| ജാനു മുളക്കാപറമ്പത്ത് | 5 | 157487 | KDC Bank,Parat<br>1023015000170 |
| മാതു(അനഘ)മൂന്നുകണ്ടത്തിൽ | 20 | 155064 | SBI, Parat<br>67179135211 |
| ശാന്ത വള്ളിൽ | 14 | 155367 | Syndicate Bank, Parat<br>42532200032920 |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖയും സിഡിഎസ് പാസ് ബുക്കും ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് എൻക്വയറി നമ്പർ- 21/**10-02-2022** ) ഹാജരാക്കിയ പാസ്ബുക്കിൽ 2018-19ൽ വകയിരുത്തിയ ₹4,50,000 യിൽ ₹50,000 10.04.2019-നും 2019-20 ലെ 4,00,000 രൂപ 30.4.19 നും കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി യുടെ പാറാട്ട് സിൻഡിക്കേറ്റ് ബാങ്കിന്റെ 42532200025030-ാം നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.ഇതിൽ 9.5.19 ന് 50,000 രൂപ ശാന്ത വള്ളിൽ എന്ന മേൽ പറഞ്ഞ ഗുണഭോക്താവിനു വേണ്ടി ബാലൻ .ടി യുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് (അക്കൗണ്ട് നമ്പർ-4253220003626). ആയതിന് വിശദീകരണം നൽകേണ്ടതാണ്. കുടുംബശ്രീ ചാർജ്ജ് ഓഫീസർ ഒപ്പിട്ട 4,50,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 400000 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 എസ്.എസ്.എ. വിഹിതം നൽകൽ- ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ പി സ്കൂൾ |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 29/20 എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 15,00,000 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹ 15,00,000 |
| ബിൽ നമ്പർ / തീയതി | 4/19-20/31-08-2019 |

എസ്.എസ്.എ പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹15,00,000 എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 1139101070109) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആന്വൽ വർക്ക് പ്ലാനും ബജറ്റും അനുസരിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസർ അനുവദിക്കുന്ന വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ വിശദമായ ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി-1/7.2.22)

## 1-14 തുല്യത പഠനം - തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 31/20 തുല്യത പഠനം |
| അടങ്കൽ | ₹ 1,00,000 വികസന ഫണ്ട്<br>₹ 1,00,000 തനത് ഫണ്ട് |
| ആകെ അടങ്കൽ | ₹2,00,000 |
| ചെലവ് | ₹ 1000<br>ബിൽ നമ്പർ/തീയതി : 11/19-20/3-03-2020 വികസന ഫണ്ട്<br>₹ 14750 ചെക്ക് നമ്പർ : 011674/9-3-2020 തനത് ഫണ്ട് |
| ആകെ ചെലവ് | ₹15750 |

തുല്യതാപഠനം എന്ന മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 54 പഠിതാക്കൾക്കുള്ള (9 പേർ 10ാം തരം, 25 പേർ +1, 20 പേർ +2 ) പരീക്ഷാ ഫീസ് ഒടുക്കുന്നതിനും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുമാണ് മേൽ കാണിച്ച പ്രകാരം തുക വകയിരുത്തിയത്. എന്നാൽ ക്യൂ ബിൽ ആയത് കാരണം 10ാം തരം പഠിതാക്കളുടെ പരീക്ഷാ ഫീസ് തുകയായ ₹15750 മാത്രമാണ് കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നമ്പർ 5702696123 ) മേൽ ബിൽ പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് (ഒരു പഠിതാവിന് ₹ 1,750 പ്രകാരം 1750 X 9 ). പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/07.02.22) 10ാം തരം പഠിതാക്കളിൽ 6 പേർ പരീക്ഷ പാസ്സായിട്ടുണ്ടെന്നും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെന്നുമാണ് മറുപടി നൽകിയത്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്വയം സുരക്ഷ പരിശീലനം പെൺകുട്ടികൾക്ക് -രേഖകളുടെ അഭാവത്തിൽ ₹32000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്റ്റ് നമ്പർ / പേര് | 32/20സ്വയം സുരക്ഷ പരിശീലനം പെൺകുട്ടികൾക്ക് |
| അടങ്കൽ | ₹50000 വികസന ഫണ്ട്, ജനറ |
| ചെലവ് | ₹50000 |
| ബിൽ നമ്പർ/തീയതി | 8/19-20/31-3-2020 |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ 24 വിദ്യാലയങ്ങളിലെ 10 നും 20 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് സ്വയം സുരക്ഷ നൽകുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രോജക്റ്റാണിത്. 80കുട്ടികൾക്ക് 25 ദിവസം ( 1-11-2019 മുതൽ 31-1-2020 വരെ ) സരസ്വതി വിജയം യു പി എസ്, കൊളവല്ലൂർ യു പി എസ് എന്നീ 2 സെന്ററുകളിലായി 2 മണിക്കൂർ വീതം കരാട്ടേ പരിശീലനം നൽകുന്നതിന് പരിശീലകന് ₹3000 വീതം 3 മാസത്തേക്ക് ₹18000 യും കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് ₹32000 യുമാണ് പ്രോജക്റ്റിൽ തുക വകയിരുത്തിയത്. ഈ പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഫയലിൽ ഹാജരാക്കിയ മഹിമ റെഡിമെയ്ഡ്സ് & ടെയിലറിംഗ് സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 435/15-2-2020 പ്രകാരം 60 കരാട്ടേ ഡ്രസ്സ് വാങ്ങിയ വകയിൽ ₹32000 ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് വേണ്ടി തുക ചെലവഴിച്ചു.

2. 80 കുട്ടികൾക്ക് പരിശീലനം നൽകിയതിൽ 60കുട്ടികൾക്ക് മാത്രമായി ഡ്രസ്സ് വാങ്ങി നൽകിയിട്ടുണ്ട്.ആയത് വിശദമാക്കിയിട്ടില്ല.

3. 1-11-2019 മുതൽ 31-1-2020 വരെയാണ് കുട്ടികൾക്ക് കരാട്ടേ പരിശീലനം നൽകിയത്. എന്നാൽ അതിനുശേഷമാണ് 60കുട്ടികൾക്ക് വേണ്ടി ഡ്രസ്സ് വാങ്ങിയിരിക്കുന്നത് ( മഹിമ റെഡിമെയ്ഡ്സ് & ടെയിലറിംഗ് സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 435/15-2-2020)

4. 60 കുട്ടികൾ ഡ്രസ്സ് കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/07.02.2022 ) ലഭിച്ച മറുപടിയിൽ കുട്ടികൾക്ക് ലഘുഭക്ഷണം കഴിക്കാൻ താല്പര്യമില്ലാത്തത് കൊണ്ടും ഭരണസമിതിയുടെ തീരുമാന പ്രകാരവുമാണ് ഡ്രസ്സ് വാങ്ങി നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 14.11.19 ലെ മിനുട്ട്സിന്റെ പകർപ്പാണ് മറുപടിയോടൊപ്പം ഹാജരാക്കിയിരിക്കുന്നത്. കരാട്ടേ പരിശീലനത്തിനു ശേഷം 60 കുട്ടികൾക്ക് മാത്രമായി ഡ്രസ്സ് വാങ്ങി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം ഡ്രസ്സിനു വേണ്ടി ചെലവഴിച്ച 32000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 നേന്ത്ര വാഴക്കന്ന് വിതരണം- 992 എണ്ണം വാഴക്കന്നുകളുടെ വിവരം ലഭ്യമല്ല ₹12400 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം,പേര് | 8/20 നേന്ത്ര വാഴക്കന്ന് വിതരണം |
| അടങ്കൽ | ₹310000 (വികസന ഫണ്ട്) – ജനറൽ |
| ചെലവ് | ₹310000 |
| ബിൽ നം,തീയതി | 3/20,20.9.19 ₹100000 |

| | |
|---|---|
| | 4/20,20.9.19 ₹100000<br>5/20,20.9.19 ₹110000 |

100 ഗ്രൂപ്പുകൾക്ക് 248 എണ്ണം വീതം നേന്ത്ര വാഴക്കന്നുകൾ വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തത്. ഒരു ഗ്രൂപ്പിൽ 5 ൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. 248 എണ്ണം വാഴക്കന്നുകൾ ഒരു യൂണിറ്റ് എന്ന തോതിൽ ഒരു ഗ്രൂപ്പിന് ഒരു യൂണിറ്റും ഒന്നിൽ കൂടുതൽ യൂണിറ്റും അനുവദിക്കാവുന്നതാണ് . മേൽ പ്രോജക്ട് പ്രകാരം മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്നും ഒരു വാഴക്കന്നിന് 12.50 രൂപ നിരക്കിൽ ആകെ 24800 വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 3,10,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

1) ഇൻവോയ്സ് നമ്പർ 191/27.08.19 പ്രകാരം 8000 എണ്ണം

2) ഇൻവോയ്സ് നമ്പർ 190/21.08.19 പ്രകാരം 8000 എണ്ണം

3) ഇൻവോയ്സ് നമ്പർ 192/03.09.19 പ്രകാരം 8800 എണ്ണം

വിതരണ രേഖകൾ പ്രകാരം 74 ഗ്രൂപ്പുകൾക്ക് 248 എണ്ണം വീതവും 11 ഗ്രൂപ്പുകൾക്ക് 496 എണ്ണം വീതവും ആകെ 85 ഗ്രൂപ്പുകൾക്ക് 23808 എണ്ണം വാഴക്കന്നുകളാണ് വിതരണം ചെയ്തിരിക്കുന്നത്. 24800 എണ്ണം വാഴക്കന്നുകൾ വാങ്ങിയതിൽ 23808 എണ്ണം വാഴക്കന്നുകൾ വിതരണം ചെയ്തതിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്. ബാക്കി 992 എണ്ണം വാഴക്കന്നുകൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല (ഓഡിറ്റ് എൻക്വയറി നമ്പർ-20/10.02.22). 2992 എണ്ണം വാഴക്കന്നുകളുടെ തുകയായ (992*12.50= 12400) ₹12400 തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ- ₹107770 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ .എൽ പി സ്കൂൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 178/20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി. (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,07,770 വികസന ഫണ്ട് – എസ്. സി. പി |
| ചെലവ് | ₹ 107770 |
| ബിൽ നമ്പർ / തീയതി | 2/19-20/30-04-2019 |

2019-20 ൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയ മേൽ പ്രോജക്ടിന് 2018-19 ൽ (പ്രോജക്ട് നമ്പർ 159/19) ബിൽ നമ്പർ 13/18-19/5-2-2019 പ്രകാരം ₹50000 മുൻകൂർ അനുവദിച്ചിട്ടുണ്ട്. 2019-20 ൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ട ശിവദ ടി, D/O രാജേഷ് ടി. എന്ന വിദ്യാർത്ഥിനിക്ക് ₹107770 പഠന മുറി നിർമ്മിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. തൻ വർഷം അനുവദിച്ച 107770 രൂപ ഉൾപ്പെടെ ആകെ 157770 രൂപ പഠനമുറി നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. സബ്സിഡി മാർഗ്ഗരേഖ ( ജി.ഒ(എം.എസ്) 22/2018തസ്വഭവ,തീയതി-14.02.18 )7-2-2017 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നിർമ്മിക്കുന്ന പഠനമുറിയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകേണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് 157770 രൂപ ധനസഹായം അനുവദിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 4/7.2.22)ലഭിച്ച മറുപടിയിൽ വാല്വേഷൻ സർട്ടിഫിക്കറ്റ് എത്രയും വേഗം ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാല്വേഷൻസർട്ടിഫിക്കറ്റ്,പഠനമുറിയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാതെ തൻവർഷം അനുവദിച്ച ₹107770 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 അമൃതം പരിപാടി - രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങി നൽകിയത് - വിതരണ

**രേഖകളുടെ അഭാവത്തിൽ. ₹ 180360 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 239/20 അമൃതം പരിപാടി (സ്പിൽ ഓവർ) |
| അടങ്കൽ | 2,00,000തനത് ഫണ്ട് |
| ചെലവ് | 195548 ചെക്ക് നമ്പർ/തീയതി : 3054097/15-10-2019 |

ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിലെ 18 വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ ആളുകളെയും ജീവിത ശൈലീരോഗ നിർണ്ണയ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന്റെ ഭാഗമായി 21 വാർഡ് സാനിറ്റേഷൻ സമിതികൾക്ക് രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടാണിത്. രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങുന്നതിന് ₹ 180360 ഉം വളണ്ടിയർമാർക്ക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു വേണ്ടി പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് ബാനർ തയ്യാറാക്കിയതിനും, സ്റ്റേഷനറി സാധനങ്ങൾ, ലഘുഭക്ഷണം എന്നിവയ്ക്കുമായി ₹15188 ഉൾപ്പെടെ ആകെ 195548 രൂപ വിനിയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത ശ്രീരാജ് സർജ്ജിക്കൽസ് എന്ന സ്ഥാപനമാണ് ഇൻവോയ്സ് നമ്പർ GST1920/1388,26.7.19 പ്രകാരം താഴെ പറയുന്ന മെഡിക്കൽ ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഉപകരണങ്ങൾ | എണ്ണം |
|---|---|---|
| 1 | Glucometer (Accu Chek Kit) | 21 |
| 2 | Lancet | 110 |
| 3 | Digital BP Apparatus | 21 |
| 4 | Glucometer Strip | 110 ബോക്സ് |

മേൽ പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 21 വാർഡ് സാനിറ്റേഷൻ സമിതികൾക്ക് കൈമാറിയതിന്റെ വിവരം ലഭ്യമല്ല. പദ്ധതിയുടെ ഭാഗമായി 43 വളണ്ടിയർമാർക്ക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു വേണ്ടി പരിശീലനവും നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/**09-02-2022)** കോവിഡ് വ്യാപനവും ലോക്ക്ഡൗൺ കാരണവും ക്യാമ്പുകൾ നടത്താൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചത് . മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 21 വാർഡ് സാനിറ്റേഷൻ സമിതികൾക്ക് ഉപകരണങ്ങൾ കൈമാറിയതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ₹ 180360 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെയും തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-19 ന്യൂട്രിമിക്സിന്റെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതാണ്**

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 55/ 20 - അങ്കണവാടി അനുപൂരക പോഷകാഹാരം |
| അടങ്കൽ | ₹888950 വികസന ഫണ്ട്-പൊതു വിഭാഗം<br>₹2000000 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹1011050 തനത് ഫണ്ട്<br>ആകെ : ₹3900000 |
| ചെലവ് | ₹888950 വികസന ഫണ്ട്<br>₹1721547 കേന്ദ്രാവിഷ്കൃത ഫണ്ട്<br>₹964980 തനത് ഫണ്ട്<br>ആകെ : ₹3575477 |
| തുക(ബിൽ നം./ചെക്ക് നം./ തീയതി ) | ₹578455(1/2019-20 -29.06.19), ₹138810(2/2019-20 -31.8.19), ₹149028(3/2019-20 -28.12.19), ₹22657(8/2019-20-13.2.2020). - വികസന ഫണ്ട് |

| | |
|---|---|
